# ഞങ്ങൾ

# എം.ആർ.വി.എച്ച്.എസ്.എസ് പടന്ന

ഡിജിററൽ മാഗസിൻ 2024








# ഉള്ളടക്കം


മഴനൃത്തക്കിനാവുകൾ

എന്നിൽ നിന്ന്   നിന്നെ നോക്കുമ്പോൾ

അമ്മ

സിനിമാലോകം

പകലിലെ മധുരം

മലയാളം

സന്ധ്യാവൃത്തം

നീ എവിടെക്കാണ്

തിരികെ   വരുമോ

നന്മ

ജീവിത കാലം

ജീവിതം ഒരു വിസ്മയം

താരമോളുടെ കിനാപ്പുസ്തകം

കൊറോണക്കാലം

യഥാർത്ഥ മാലാഖ

# മഴനൃത്തൽക്കിനാവുകൾ

മധുരമീ പുതുമഴ പുലരിയെ
പുൽകുന്ന
പൂമഴ തേൻമഴ കുളിർമഴയായ്.
കനകുനെയ്യുതിരുന്ന തൂമഴ
തുള്ളികൾ
തളിരിലും പൂവിലും മുത്തമിട്ടു.
പൊള്ളുന്ന രാവിന്റെ നെറുകയിൽ
ചിതറുന്ന
കുളിർമണിമുത്തുകൾക്കെന്തു ഭംഗി.
തൈമണിക്കാറ്റിന്റെയൊപ്പമീപൂക്കുന്ന
താഴ്വരത്തോപ്പിലും കുളിർ
ചൊരിഞ്ഞു.
പുഴതന്റെ മരവിച്ച കൈകളാൽ
പുണരവെ
പുളകമായ് മഴ വന്നു മനമറിഞ്ഞു.
മഴയെന്റെ താളമായ് ഹൃത്തിലും
മുഗദ്ധമായി
പൊഴിയുന്ന കവിതയായ്
പെയ്തിറങ്ങി.

ഫിദ

# എന്നിൽ നിന്ന്   നിന്നെ നോക്കുമ്പോൾ

യാത്രകൾ സുന്ദരമാണ്
അനന്തയുടെ സാധ്യതകൾ തേടി
ചിപ്പികൾ ഒളിപ്പിച്ച് വെച്ച്
സ്നേഹത്തെ തലോടണം
ഓർമ്മപ്പെരുക്കത്തിൽ
ഡിലീറ്റ് ചെയ്യാതെ കാത്ത് വെക്കണം
പ്രണയത്തിന്റെ പാസ്വേർഡിനെ
എന്നിൽനിന്ന് നിന്നിലേക്കുള്ള ദൂരം സമാന്തരമല്ലെന്നും
വളവും തിരിവുമുണ്ടെന്ന്
സാറാമ്മയിലേക്കും കേശവൻ
നായരിലേക്കും ഇന്ന് നോക്കുമ്പോൾ കാണാം

അനീഷ്

# അമ്മ

ഒറ്റപ്പെട്ടുപോയെന്നു
തോന്നുമ്പഴൊക്കെയും
ഒപ്പമുണ്ടെന്നോർമ്മിപ്പിക്കുന്നൊരു
ഫോൺ കോൾ
“മക്കളെ"
യെന്നയാ വിളിയിൽ
അലിഞ്ഞില്ലാണ്ടായി പോവുന്നെന്റെ നോവുകൾ

# സിനിമാലോകം

അഭ്രപാളിയിൽ സുന്ദരമാം അവളുടെ രാഗം

നെങ്ങി നെരുങ്ങി സിനിമാകൊട്ടയിൽ

സംപൃപ്തമായി കഥകൾ ഒഴുകുന്നു

കാല്പനികയുടെ ഓരോ ചലനവും

ജീവിത വൃത്തം സൂക്ഷ്മമായി വരച്ച് കാട്ടുന്നു

പുറം ലോകത്തെ സത്യമായി നിർവചിക്കാൻ

കഥാനായകൻമാർ ചുടുതലയോടെ

അഭ്രപാളിയിൽ നിറഞ്ഞ് നിൽക്കുന്നു

ഹബീബ

# പകലിലെ മധുരം

ഉദിച്ചുയരും സൂര്യൻ

പരത്തുന്ന വെളിച്ചം

കിളികൾ പാടുന്നു

ശലഭം പാറുന്നു

മോട്ടുകൾ വിരിയുന്നു

പൂവായി മാറീടുന്നു

സുഗന്ധം പരത്തുന്നു

മനോഹരമായ പകൽ

ഹസ്ന

# മലയാളം

എത്ര  സുന്ദരം  എത്ര  സുന്ദരം
എന്റെ  മലയാളം
മുത്തു പവിഴങ്ങള കൊരുത്തൊരു
പൊൻ നൂൽ പോലെ . . . .
മണ്ണിൽ വീണ കുരുത്തുനെൻമണി
വിത്തു മുളപൊട്ടി
മിന്നുമീരിയില വിരിടുമ്പോൾ
മണ്ണിൽ വേർപ്പു വിതിച്ചവർ തൻ
ഈണമായ് വന്നു
അന്നു പാടിയ പാട്ടിലൂഞ്ഞാ-
ലാടി മലയാളം
കൊഞ്ചലും കുറുമൊഴികളും പൊയ്
കഥകൾ പലതോതി
നെഞ്ചണച്ചൊരു ഗുരു വളർത്തിയ
കിളിമകൾ  പാടി . . . .
എത്ര  സുന്ദരം  എത്ര സുന്ദരം
എന്റെ  മലയാളം
മുത്തു പവിഴങ്ങള കൊരുത്തൊരു
പൊൻ നൂൽ പോലെ . . . .

മുഹമ്മദ് റഫീക്ക്

# സന്ധ്യാവൃത്തം

സൂര്യകിരണം  പടിഞ്ഞാർ കടലിൽ  വിചൊല്ലുന്നവൊ...
തിരമാലകളിൽ അവളുടെ  ഹൃദയം ഒരുപാട്  കലവിലകൾ
പക്ഷിമൃഗാദികൾ  തിരിച്ചു   പോരുന്നുവേ
അമ്മയും   മകളും  വീടിന്റെ കോലായിൽ  ഉമ്മറവിളക് തെളളിയിക്കുന്നുവോ...
കേൾകോച്ചുമകൾ  സന്ധ്യാനാമം  ജവിക്കുന്നുവോ
സുകൃതമാം  ജീവിതം  നെയ്യെടാക്കാൻ സന്മനസ്സ
കോർത്തിടുന്ന  കുടുംബകോലായിൽ ബാല്യക്കാർ
തുളളിച്ചാടുന്നുവോ
മനോവിൽ മനോഹാരം  എത്തമനോഹരം  ജീവിതയാമങ്ങൾ....

റഹ്മത്ത് എ.വി...

# നീ എവിടെക്കാണ്

ഈ  ആകാശത്തിലൂടെ നീ എവിടെക്കാണ്
പോകുന്നത് മേഘമേ...
നിന്റെ കണ്ണുനീർ തുള്ളികളായ മഴ
ഈ ഭൂമിയിൽ സ്പർശിക്കുന്നുമല്ലോ...
നിന്റെ താരകങ്ങളെല്ലാം എങ്ങ് പോയി
നിന്റെ ഇടിമിന്നലുകൾ എന്നെ
ഭയപ്പെടുത്തികൊണ്ടിരിക്കുന്നു
സൂരഴ്യൻ മറയാറായി നിന്റെ കൂട്ടുകാരനായ
ചന്ദ്രൻ വരവേക്കാനായോ?
മേഘമേ നീ നിന്റെ സഞ്ജാരം
അവസാനിപ്പിച്ചോ....

റിഫ

# തിരികെ വരുമോ?

എൻ മനദാരിൽ എന്നുമെൻ ബാല്യകാലം
അതാൽ ഓരമമകൾ തങ്ങുമെൻ ദാവികാലം
മഴ ചെയ്ത്തു തോരുന്ന നേരെമും
കടലാസ് തോണിയായി പോകുമെം
മാവിന്നടിയിലെ ചൊന്നോരമ്മകൾ
മുത്തശ്ശിധയായി എന്നോരമമയിൽ
ദൈപത്തിൽ പരമായി ചോദികരുകിൽ
തിരികേ തരുമോ യെൻ ബാല്യകാലം

റഫ്ന

# നന്മ

പിറന്നു മണ്ണിൽ രണ്ടായി നമ്മൾ
വളർന്നു മണ്ണിൽ ഒന്നായി നമ്മൾ
സ്േനഹം വളർന്നൂ നിലാവുപോലെ
മുറ്റത്തെ മുല്ലയിൽ കാർവിരുന്നു.
കൈയ്യെത്താ ദുരെ ബാല്യം അകന്നു
ആരോ വലിച്ച നലിൻ മേൽ ആടി
ആടിക്കളിച്ചു നിയൽ പാവകൾ
ഒന്നായി വളർന്നവർ രണ്ടായി അകന്നു.
ജീവിതമേ നീ നിർത്തൂ നിൻ ഹാസ്യം
ഇരു കൈകളും നീട്ടൂ
അംഗീകരിക്കൂ ഈ നന്മയെ.

സന

# ജീവിത കാലം

വടവിൽ പിറന്ന കാലം

വടയടി കൊണ്ടൊരു കാലം

വടിപോൽ നടന്ന കാലം

ഒടുവിൽ

വടിയായിടും കാലം

മുനിഫ്

# ജീവിതം ഒരു വിസ്മയം

തുടക്കം ജനനമാണെന്നാലും
ഒടുക്കം മരണമമെന്നു നിശ്ചയം
ജനനം മരണത്തിനടയിലൂടെയുള്ള
ഒരു കുഞ്ഞ് യാത്ര
അതാണ് ജീവിതം
തിന്മ കൊണ്ട് മനംനിറച്ചവർക്ക്
ഇരുട്ടുമൂട്യ ദുർവഴി
നന്മ കൊണ്ട് മനം നിറച്ചവർക്ക്
പ്രകാശം നിറഞ്ഞ നേർവഴി
ചിലരുടെ ജീവിതം
നിറമുള്ളതാണെങ്കിലും
ചിലരുടെ ജീവിതം
കല്ലും മുള്ളും നിറഞ്ഞതാണ്
ജിവിതം ഒരു യാത്രയാണ്
അതിനെ തീർത്ഥ യാത്രയാകുക
ജന്മം സഫലമാകട്ടേ

അഫ്സത്ത്

# താരമോളുടെ കിനാപ്പുസ്തകം

താരമോൾക്കൊരു പുസ്തകമുണ്ട്. നല്ല ഭംഗിയുള്ള പൂചട്ടയുള്ള പുസ്തകം. താരമോൾ പുസ്തകതിൻ പേരിട്ടു. എന്റെ കിനാപുസ്തകം. ഇടക്കിടകെ താരമോൾ കിനാപുസ്തകം മറിച്ചുകൊണ്ടിരിക്കും. അവളുടെ കിനാക്കൾ ഓരോന്നായി ഓർത്തെടുക്കും. കുന്നുപോലൊരു മിഠായി മല. കുന്നുപോലെ കിടക്കുന്നു അതിനുമുകളിൽ താരമോൾ. കണ്ണെത്താദൂരത്ത് മഞ്ഞ നിറത്തിലുള്ള സൂര്യകാന്തിപ്പൂക്കൾ. അവക്കിടയിലൊരു പൂമ്പാറ്റ പോലെ  താരമോൾ. വെണ്ണെകട്ടി കണക്കെ മേഘപാളികൾ. ഒഴുകി ഒഴുകിപറന്ന് പക്ഷിയായി താരമോൾ. ഇടിയും മഴയുമായ വീട്ടുമുറ്റം. ഓടി നടന്ന് ആലിപഴം പെറുക്കുന്ന താരമോൾ. നീലക്കടലിന്റെ ശാന്തമായ അടിത്തട്ടിൽ നീന്തികളിച്ച് താരമോൾ. തെരുവിൽ അലയുന്ന കുട്ടികൾക്ക് അമ്മമാലഖയായി താരമോൾ. താരമോളുടെ കിനാപ്പുസ്തകം എനിയും കഴിഞ്ഞില്ല. ഇനിയെത്ര സ്വപ്നം കാണാനിരികുന്നു.

മർജാന

# കൃഷിക്കാരനും മക്കളും

ഒരിക്കൽ ഒരിടത്ത് ധനികനായ കൃഷിക്കാരൻ
ജീവിച്ചിരുന്ന അദ്ദേഹത്തിന് മൂന്ന് മക്കളുണ്ടായിരുന്നു
തനിക്കെനി അധിക കാലമില്ലെന്ന് മനസിലാക്കിയ
കൃഷിക്കാരൻ തന്റെ  മക്കളെ അടുത്തേക്ക് വിളിപ്പിച്ചു
കൃഷിക്കാരൻ പറഞ്ഞു:എനിക്ക് നിങ്ങളോടൊരു കാര്യം
പറയാനുണ്ട് നമ്മുടെ പൂർവികർ മുതൽ കൈമാറി വരുന്ന
ഭൂമിയാണിതെല്ലാം അതൊന്നും നിങ്ങൾ വിൽക്കരുത്
അതിലേതോരു സ്ഥലത്ത് നിധിയുണ്ട് പക്ഷെ
ശെരിക്കുള്ള സ്ഥലം ഏതാണെന്ന് എനിക്കറിയില്ല
തീർച്ചയായും എവിടയോ അതുണ്ട് നിങ്ങൾ നിധി
അന്വേഷിക്കുമ്പോൾ ഒരു കാര്യം ശ്രുദ്ദിക്കണം ഒരു
സ്ഥലവും നശിപ്പിക്കരുത് ഇത്രയും പറന്ന് കർഷകൻ
മരിച്ചു
അധികം താമസിപ്പികാതെ മക്കള് നിധിക്കായി പുറപ്പെട്ടു
എല്ലാവരും കൂടി വയലെല്ലാം കിളച്ചു നോക്കാൻ
തീരുമാനിച്ചു  ഒരു സ്ഥലം പോലും വിടാതെ അവർ
എല്ലാം കിളച്ചു മറിച്ചു അങ്ങനെ രണ്ട് മൂന്ന് തവണ
വയലെല്ലാം കിളച്ചു മറിച്ചു  ഇത്രയേറെ അധ്വാനിച്ചിട്ടും
അവർക്കൊരു നിധി പോലും കണ്ടെടുക്കാനായില്ല
പിന്നീടവർ തങ്ങൾ കഠിനാധ്വാനം ചെയ്തു കൃഷി സ്ഥലത്ത്
ധാന്യങ്ങൾ വിധച്ചു വിളവെടുപ്പ് കഴിഞ്ഞപ്പോൾ അവർക്ക്
എല്ലാ കണക്കുകളും തീർത്തു കഴിഞ്ഞിട്ടു ലാഭമായി
ധാരാളം പണം ലഭിച്ചു ആ നാട്ടിൽ ആർക്കും
ലഭിക്കാത്തത്ര പണം ആണ് അവർക്ക് ലഭിച്ചത്
അവർക്കപ്പോഴാണ് മനസ്സിലായത് തങ്ങളുടെ പിതാവ്

# കൊറോണക്കാലം

ഒരു കൊച്ചുഗ്രാമത്തിൽ മൂന്ന് ചങ്ങാതിമാർ ഉണ്ടായിരുന്നു. ചിന്നു, മിന്നു, അപ്പു. ഒരു ദിവസം അപ്പു ചിന്നുവിന്റെയും മിന്നുവിന്റെയും വീട്ടിലേക്ക് പോയി. അപ്പു പറഞ്ഞു,' ചിന്നു,മിന്നു ഇപ്പോൾ അവധിക്കാലം അല്ലേ? നമുക്ക് കളിക്കാൻ പോയാലോ? ഇതുകേട്ട് ചിന്നു പറഞ്ഞു. നീ കാര്യങ്ങളൊന്നും അറിഞ്ഞില്ലേ? കൊറോണ രോഗം പടർന്നു പിടിക്കുന്ന കാലമാ.... ഈ അവധിക്കാലമെല്ലാം എല്ലാവരും വീട്ടിനുള്ളിലാണ്ആഘോഷിക്കേണ്ടത്".ഞാനും മിന്നുവും ഇപ്പോൾ വീട്ടിൽ തന്നെയാണ്. അപ്പു അത്ഭുതത്തോടെ ചിന്നുവിനോട് പറഞ്ഞു. ങേ ! വീട്ടിനുള്ളിലോ? അതെങ്ങനെ? അപ്പോൾ ചിന്നു പറഞ്ഞു. വീട്ടിനുള്ളിൽതന്നെ ഒത്തിരികാര്യങ്ങൾ ചെയ്യാം. പുസ്തകം വായിക്കാം, പടം വരയ്ക്കാം, പാട്ടുപാടാം, കഥകേൾക്കാം, കളിപ്പാട്ടങ്ങൾ ഉണ്ടാക്കാം, ചൂടോടെ നല്ല ഭക്ഷണം കഴിക്കാം. പിന്നെ അച്ഛനേയും അമ്മയെയും സഹായിക്കാം. ഇതുകേട്ട് അപ്പു പറഞ്ഞു." എന്നാൽ ഞാൻ ഇപ്പോൾ തന്നെ വീട്ടിലേക്ക് പോവുകയാ..."ചിന്നു പറഞ്ഞു, അപ്പൂ, വീട്ടിൽ ചെന്നാൽ ഉടനെ സോപ്പിട്ട് കൈകഴുകണം.നമ്മുടെ ആരോഗ്യം നമ്മുടെ കൈകളിൽ തന്നെയാണ്. "ശരി ചിന്നു". അപ്പു വീട്ടിലേക്ക് നടന്നു.

# യഥാർത്ഥ മാലാഖ

ഇന്നും എനിക്ക് വളരെ മോശപ്പെട്ട ദിവസമായിരുന്നു. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി എല്ലാവരുടെയും പെരുമാറ്റത്തിൽ വന്ന മാറ്റം എന്നെ വല്ലാതെ വേദനിപ്പിക്കുന്നു. പരുന്തിന്റെ നിഴൽ വട്ടം കാണുമ്പോൾ ഓടിയൊളിക്കുന്ന കോഴിക്കുഞ്ഞുങ്ങളെ പോലെ എന്നെ കാണുമ്പോൾ എന്റെ പ്രിയപ്പെട്ടവർ വഴി മാറിപ്പോകുന്നു. അമ്മയും ജോലിക്ക് പോകാതെ വീട്ടിലിരിക്കാൻ ആവശ്യപ്പെടുന്നു. നേഴ്സിന്റെ ട്രെയിനിങ്ങിന് പോകുമ്പോൾ അമ്മ പറഞ്ഞ വാക്കുകൾ ഇന്നുമെന്റെ കാതിലുണ്ട്. നിങ്ങൾ നേഴ്സുമാർ ഭൂമിയിലെ മാലാഖമാരാണ്. ഈ ലോകത്തെ മുഴുവൻ പരിചരിക്കേണ്ട ഉത്തരവാദിത്തം നിങ്ങൾക്കാണ് ഏത് സാഹചര്യത്തിലും സ്വന്തം ഇഷ്ടം മറന്ന് മറ്റുള്ളവർക്കായി പ്രവർത്തിക്കേണ്ടവർ. എല്ലാ വ രെയും സ്വന്തമെന്ന് കരുതി പരിചരിക്കണം , ആ അമ്മയാണ് ഇപ്പോൾ വീട്ടിലിരിക്കാനാവശ്യപ്പെടുന്നത്. ഓർമ്മ വച്ച നാൾ തൊട്ട് കാണുന്നതാണ് ഈ വെള്ള കോട്ട്. ആഗ്രഹിച്ച ജോലി തികഞ്ഞ ആത്മാർത്ഥതയോടെയും സന്തോഷത്തോടെയുമാണ് ചെയ്യുന്നത്. എന്നാൽ...... ഭൂമിയിലെ മാലാഖമാരാണ് നിങ്ങളെന്ന് എല്ലാവരും പറയും.എന്നിട്ടിപ്പോൾ ആ മാലാഖയെ കാണുമ്പോൾ ഓടിയൊളിക്കുകയാണെല്ലാരും.കഴിഞ്ഞ കുറച്ച് നാളുകളായി കേൾക്കുന്ന ഒരേയൊരു പേര് 'കോ റോണ , മാത്രമാണ് ചൈനയിലെ വുഹാനിൽ ആയിരങ്ങളെ വേട്ടയാടിയ ആ മഹാമാരി. നിമിഷ നേരം കൊണ്ട് ജനങ്ങളിൽ ഓരോത്തരിലായി അവൻ ആധിപത്യം നേടി രാജ്യങ്ങളും ദേശങ്ങളും താണ്ടി അവൻ നമ്മുടെ കൊച്ചു കേരളത്തിലും എത്തി. കഴിഞ്ഞ ദിവസം എന്റെ ഹോസ്പിററലിലും കൊറോണവാർഡിലെ ഡ്യൂട്ടി കിട്ടിയപ്പോൾ എല്ലാവർക്കും ഭയമായിരുന്നു. എന്നാലെ നിക്ക മാത്രം ആനന്ദമാണുണ്ടായത്. കാരണം ഇന്നെന്റെ ജോലി അർത്ഥവത്തായി മാറുകയായിരു. എല്ലാവരും പേടിച്ച് നിന്നപ്പോൾ ഞാനൊരാൾ ഒരു നഴ്സിന്റെ ഉത്തരമാദിത്തങ്ങൾ കൃത്യമായി നിറമേറ്റി. ഏത് സാഹചര്യത്തിലും മറ്റുള്ളവരെ സേവിക്കുകയാണ് വേണ്ടതെന്ന അമ്മയുടെ വാക്കുകൾ അർത്ഥവത്തായി.എന്നാൽ ജോലി കഴിഞ്ഞ് വരുമ്പോൾ സ്ഥിരമായി ഞാൻ വണ്ടി പാർക്ക് ചെയ്യാറുണ്ടായിരുന്ന വീട്ടിലെ അമ്മൂമ്മ : എന്നും എന്നോട് കുശലാന്വേഷണം നാത്താറുള്ള ആ അമ്മൂമ മ ഇന്ന് എന്നെ കണ്ട പാടെ അകത്തേക്ക് ഓടിക്കയറി. പാതിചാരിയ വാതിൽക്കൽ നിന്ന് എന്നോടായി പറഞ്ഞു. : സജിമോളേ നീ വണ്ടി ഈ വെക്കണ്ടാ ട്ടോ , ഒന്നൂല്ല, അത് നീ കൊറോണെല്ലാം ഉള്ള ആശുത്രീന്നെല്ലെ വെര്ന്നപ്പാ. അതോണ്ടാ .... ഇന്നലെ രാജൻ വിളിക്കുമ്പ ഞാൻ പറഞ്ഞിനി .നിക്ക് കൊറോണേള്ളടത്താണ് പണീന്ന്. അപ്പോ ഓനെന്നെ പേടിപ്പിച്ചു. ഈ വയസ്സുകാലത്ത് ബേണ്ടാത്ത സൂക്കേടെല്ലാം ബര്ത്തി വെച്ചാ എനക്ക് നോക്കാനൊന്നും കയ്യാന്ന്. ഞാനെന്താ ക്കല് മോളെ " . ഓ ! സാരല്യ അമ്മൂമ്മേ : എന്നും പറഞ്ഞ് ഞാൻ വണ്ടി വീട്ടിലെടുത്തു. റോഡ് മോശമായത് കൊണ്ടാവണ്ടി അവിടെ വെക്കാറുള്ളത്. പാരല്യ അവർക്കിഷ്ടമില്ലാതെ അവിടെ വയ്ക്കുന്നത് ശരിയല്ല.ഹോസ്പിററലിൽ നിന്നിറങ്ങുമ്പോൾ അമ്മയെ വിളിച്ച് എന്റെ ഡ്രസ്സടുത്ത് പുറത്ത് കുളിമുറിയിൽ കൊണ്ട് വയ്ക്കാൻ പറഞ്ഞതാണ്. കുളിച്ചിട്ട് അലക്കി കുളിച്ചിട്ടേ ഞാനകത്ത് കയറാറുള്ളൂ. എന്നിട്ടും കുഞ്ഞു എന്റെരികിൽ വരാറില്ല. കൊറോണ വാർഡിൽ കയറമ്പോൾ ചെരുപ്പിന്റെ അടിഭാഗം വരെ കവർ ചെയ്തിട്ടാണ് ഞങ്ങൾ പോകുന്നതെന്ന് പറഞ്ഞിട്ടും ആരും അത് മനസ്സിലാക്കുന്നില്ല.അമ്മയ്ക്കും ഇപ്പോൾ എന്റെ അരികിൽ വരാൻ ചെറിയ പേടി ഇല്ലാതില്ല. അല്ലെങ്കിൽ വീട്ടിൽ